ഉത്തരം

(എ) 2005-2006-ൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഈ പദ്ധതിയുടെ അവശേഷിക്കുന്ന കനാലുകളിൽ 5.365 കി. മീറ്റർ മെയിൻ കനാലിന്റേയും 19.280 കി. മീറ്റർ ബ്രാഞ്ച് കനാലിന്റേയും പണികൾ പുരോഗമിച്ചുവരുന്നു. ഡിസ്ട്രിബ്യൂട്ടറികളിൽ അവശേഷിക്കുന്ന 134.609 കി. മീറ്ററിൽ 74.864 കി.മീറ്ററിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. 39.328 കി. മീറ്റർ ഡിസ്ട്രിബ്യൂട്ടറികളുടെ പണി ക്രമീകരിച്ചിട്ടുണ്ട്. 20.417 കി.മീറ്റർ ജോലി പ്രാരംഭ നടപടിയിലാണ്.

(സി) പണി പൂർത്തീകരിച്ച ഭാഗത്തിന്റെ 83.27 കോടി രൂപ കരാറുകാർക്ക് കൊടുത്തു തീർക്കുവാനുണ്ട്.

പണി നടന്നുകൊണ്ടിരിക്കുന്ന വൻകിട ജലസേചന പദ്ധതികൾ

138 [265] ശ്രീ. പി. കെ. കെ. ബാവ:

" സി. മോയിൻകുട്ടി:

" പി. കെ. അബ്ദുറബ്ബ്:

" ചെർക്കളം അബ്ദുള്ള:

" ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണി നടന്നുകൊണ്ടിരിക്കുന്ന വൻകിട ജലസേചന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഓരോന്നിന്റെയും പണി തീർക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിക്കും ഇതുവരെ എത്ര തുക ചെലവായി;

(ഡി) ഇവ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവയുടെ പൂർത്തീകരണത്തിന് ഇനിയും എന്തു തുക വീതം ചെലവ് വരുമെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. കുരിയാർകുറ്റി-കാരപ്പാറ

2. ഇടമലയാർ

3. മൂവാറ്റുപുഴ വാലി

4. കല്ലട

5. കാഞ്ഞിരപ്പുഴ

6. പഴശ്ശി.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

മൂവാറ്റുപുഴ പദ്ധതി

139 [266] ശ്രീ. കെ. കെ. ജയചന്ദ്രൻ:

,, രാജു എബ്രഹാം:

,, സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം, കോട്ടയം ജില്ലകളിൽ ജലസേചനം നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള മൂവാറ്റുപുഴ പദ്ധതിയുടെ പണി പൂർത്തിയാക്കിയിട്ടുണ്ടോ; പദ്ധതി ലക്ഷ്യം എന്നത്തേക്ക് പൂർണ്ണതോതിൽ കൈവരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(ബി) പദ്ധതിയുടെ അസ്സൽ അടങ്കൽത്തുക എത്രയായിരുന്നു എന്നും പുതുക്കിയ അടങ്കൽ തുക എത്ര എന്നും അടങ്കൽ പുതുക്കിയത് എപ്പോഴായിരുന്നു എന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് വേണ്ടി ഇതിനകം എന്തു തുക വിനിയോഗിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി പ്രവർത്തനത്തിന് വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly